# പിതൃതർപ്പണം

**എൽസി യോഹന്നാൻ ശങ്കരത്തിൽ**

ജൂൺ പതിനേഴിൻ ലോകൈക പിതൃദിനേ
മൽ പ്രിയ താതനെയോർപ്പൂ ഞാനാദരാൽ,
ഇന്നീ വിശാലമാം താരാപഥത്തിൻ കീഴ്
എൻ തായ്‌വഴിക്രമ പ്രസ്പന്ദനമായി
ഈ പ്രപഞ്ചത്തിന്റെ സൗഭഗവീഥിയിൽ
എന്നെ സംസൃഷ്ടിച്ച വന്ദ്യ ജനിത്വരെ
ജന്മജന്മാന്തര സുകൃതമായ് കാൺമേൻ !
ഗർഭാഗാരത്തിൽ നിഗൂഢമാം വേളയിൽ
അദൃഷ്ട മവർണ്യ മനർഘ സൃഷ്ടിയായ്
യൗവ്വന സ്വപ്ന സാക്ഷാത്ക്കാരമായ് വംശ -
വൃക്ഷത്തിൻ നാരായ വേരിൻ തുടർച്ചയായ്
അത്ഭുതം, ഏറെ ഭയങ്കരമായഹോ
ആദിപരനെന്നെ മെനഞ്ഞെന്നോർപ്പൂ ഞാൻ !
അർത്ഥം ഗ്രഹിക്കാത്ത പ്രായത്തിൽ ദൈവത്തെ
ചിത്തത്തിലേറ്റാൻ പഠിപ്പിച്ചും, സത്യത്തിൻ
പാതയിൽ നീങ്ങണമെന്നുപദേശിച്ചും
ചൊല്ലിപ്പഠിപ്പിച്ച പ്രാർത്ഥനാഗീതികൾ
ചൊല്ലുന്നതാണിന്നെൻ പ്രാതസാന്ധ്യാർത്ഥനം;
വിദ്യയാം വിത്തത്തെ ആവതിലപ്പുറം
ത്യാഗം സഹിച്ചഛൻ മക്കൾക്ക നൽകിയും
മുഖ്യോപാദ്ധ്യയനാം തൻ തുഛവേതനം
അഷ്ഠതനൂജർക്ക വിദ്യാർത്ഥമാക്കിയെൻ
താതനെയോർമ്മിപ്പേനാനന്ദാശ്രുക്കളാൽ
മൽതാതനാണെന്റെയാരാദ്ധ്യ മൂർത്തിയും
ഓതുവാനാവതില്ലെൻ ചിത്തവീചികൾ,
മെല്ലിച്ച തൻകരവല്ലി വിരിച്ചെന്റെ

ശീർഷത്തിലർപ്പിച്ചനുഗ്രഹ വർഷമാ
ണെന്നുമെൻ ജീവിതസാന്ത്വനമറിയുന്നേൻ !
നൽകുവാനായില്ലെനിക്കൊന്നുമങ്ങേയ്ക്ക്
നൽകുന്നിന്നർഘ്യമായീ പിതൃതർപ്പണം !

ജൂൺ 17 പിതൃദിനം. ഇന്ന് എന്റെ വന്ദ്യപിതാവിനെ ഭക്ത്യാദരങ്ങളോടെ സ്മരിക്കുന്നു. 1909 മുതൽ 2002 വരെ 93 വർഷക്കാലം സന്തോഷ സന്താപ സമ്മിശ്രമായ ജീവിതം നയിച്ച, പ്രഗത്ഭനായ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായ, കവിപുംഗവനായ കഠിനാദ്ധ്വാനി. എട്ടുമക്കളെ നല്ല ശിക്ഷണത്തിൽ കഴിവിനപ്പുറം വിദ്യാഭ്യാസം നൽകി, വളർത്തി, സത്യം, നീതി, ദൈവാശ്രയം എന്നിവ മുറുകെപ്പിടിച്ചു് ശ്രേഷ്ഠമായ ജീവിതം നയിച്ച എന്റെ വന്ദ്യപിതാവിനെ (റ്റി.ജി. തോമസ്, താഴേതിൽ, കടമ്പനാട്) ഈ പിതൃദിനത്തിൽ സ്നേഹാദരങ്ങളോടെ ഹൃദയകോവിലിൽ പ്രതിഷ്ഠിച്ചാരാധിക്കുന്നു !!